പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1673 | 16-10-2026-ൽ മറുപടിയ്ക്ക്

**കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഗ്രഡേഷൻ ലിസ്റ്റ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. കെ. ഫിറോസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. അഡ്വൈസ് പ്രകാരം നിയമനം ലഭിച്ച കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഗ്രഡേഷൻ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ;

**മറുപടി:** കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി, ആശ്രിത നിയമനം, സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥിരപ്പെടുത്തൽ എന്നിവ മുഖാന്തരം നിയമിച്ച കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

**(ബി)** ഇല്ലെങ്കിൽ പി.എസ്.സി. അഡ്വൈസോടെ നിയമിക്കപ്പെട്ട സർവീസിലുള്ള കണ്ടക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് 30-09-2026 അടിസ്ഥാനമാക്കി ഒരു നിശ്ചിത തീയതിയ്ക്കകം പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മുൻ സർക്കാരുകളുടെ കാലയളവിൽ പി.എസ്.സി. അഡ്വൈസ് വഴിയല്ലാതെ നിയമിക്കപ്പെട്ട കണ്ടക്ടർമാരെ ഉൾപ്പെടെ ജോലിയിൽ സ്ഥിരപ്പെടുത്തി ചട്ട വിരുദ്ധമായും ഗ്രഡേഷൻ ലിസ്റ്റിൽ വ്യാപകമായ കൃത്രിമം നടത്തിയും യഥാർത്ഥ പ്രൊമോഷൻ ലിസ്റ്റ് അട്ടിമറിച്ചതായുള്ള ആരോപണം പരിശോധിയ്ക്കാമോ;

**മറുപടി:** ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** അപ്രകാരം നടന്നിട്ടുണ്ടെങ്കിൽ പ്രൊമോഷനുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികൾ പരിപൂർണമായും മുൻകാല പ്രാബല്യത്തോടെ റദ്ദുചെയ്തു സർവീസ് ചട്ടങ്ങൾ പാലിച്ചു പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റ് പ്രകാരം പ്രൊമോഷൻ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** കെ.എസ്.ആർ.ടി.സി. യിൽ സ്റ്റേഷൻ മാസ്റ്റർ തസ്തികയിൽ നികത്തപ്പെടേണ്ടതായി എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് ഡിപ്പോ തിരിച്ച് കണക്ക് നൽകുമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി.യിലെ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആയതിനാൽ പ്രസ്തുത അനുപാതം കുറയ്ക്കുന്നതിനായി ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചു വരുന്നു. ആയതിനാൽ നിലവിലുള്ള സ്റ്റേഷൻ മാസ്റ്റർ തസ്തികയിലെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

**(എഫ്)** കഴിഞ്ഞ പത്തുവർഷമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് പരിഗണിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം പ്രൊമോഷൻ നല്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി, ആശ്രിത നിയമനം, സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥിരപ്പെടുത്തൽ എന്നിവ മുഖാന്തരം നിയമിച്ച കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**